## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 3701

15.07.2015 ലെ മറുപടിക്ക്

### മുസിരിസ് പൈതൃക പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എസ്.ശർമ്മ** | | **ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) മുസിരിസ് പൈതൃക പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും എന്നാൽ ഇതുവരെ പ്രാവർത്തികമാകാത്തതുമായ വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ ; | എ) | മുസിരിസ് പൈതൃക പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും എന്നാൽ ഇതുവരെ പ്രാവർത്തികമാകാത്തതുമായ വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ താഴെപ്പറയുന്നവയാണ് :<br>1. പള്ളിപ്പുറം കോട്ടയോടനുബന്ധിച്ച് മിലിട്ടറി മ്യൂസിയം<br>2. മിശ്രഭോജന സ്മാരകം<br>3. പള്ളിപ്പുറം ഫോർട്ട് ബോട്ട്ജെട്ടി |
| ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;<br>സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ വിശദീകരിക്കാമോ ? | ബി) യും സി) യും | മിലിട്ടറി മ്യൂസിയം സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല. സഹോദരൻ അയ്യപ്പൻ സ്മാരകത്തിനോട് ചേർന്നുള്ള സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br>മിശ്രഭോജന സ്മാരകം നിർമ്മിക്കുന്നതിന് മൂന്ന് സെന്റ് സ്ഥലം പള്ളിപ്പുറം പഞ്ചായത്തിൽ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.<br>പള്ളിപ്പുറം ഫോർട്ട് ബോട്ട്ജെട്ടിയുടെ നിർമ്മാണം പുരാവസ്തു വകുപ്പിന്റെ എതിർപ്പ് മൂലം നടപ്പാക്കാൻ സാധിച്ചിട്ടില്ല. |

Anuradha
സെക്ഷൻ ഓഫീസർ